**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3853** **03-03-2023 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിൽ 2019-ലെ പ്രളയത്തിൽ ഭവന നാശം സംഭവിച്ചവർക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | പാലക്കാട് ജില്ലയിൽ 2019-ലെ പ്രളയത്തിൽ നാശനഷ്ടം ഉണ്ടായതുമായി ബന്ധപ്പെട്ട ധനസഹായം സാങ്കേതിക കാരണങ്ങളാൽ നാളിതുവരെയും ലഭിക്കാത്ത എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 86 അപേക്ഷകൾ നിലവിലുണ്ട്. |
| (ബി) | 2019-ലെ പ്രളയത്തിൽ ഭവന നാശം സംഭവിച്ച പറളി - 1 വില്ലേജിലെ തേന്നൂർ കാവുങ്കൽ വീട്ടിൽ വേലായുധൻ മകൻ ബാലകൃഷ്ണന് സാങ്കേതിക തകരാറ് മൂലം ധനസഹായം അനുവദിക്കാത്തതുമായി ബന്ധപ്പെട്ട് പ്രത്യേക പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | 2019-ലെ പ്രളയത്തിൽ നാശനഷ്ടം ഉണ്ടായതുമായി ബന്ധപ്പെട്ട ധനസഹായം ലഭിക്കുന്നതിന് റവന്യൂ പോർട്ടൽ മുഖേന സമർപ്പിച്ച അപേക്ഷകളിൽ സാങ്കേതിക കാരണങ്ങളാൽ നാളിതുവരെയും ധനസഹായം ലഭിക്കാത്ത കേസുകളിൽ സാങ്കേതിക പിഴവിന് കാരണമായ ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പറിലെ പിഴവ് തിരുത്തി ലഭ്യമാക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണറോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ബാലകൃഷ്ണന്റെ പേര് ഉൾപ്പെടെയുള്ളവരുടെ പട്ടിക ലഭ്യമാക്കിയിട്ടുണ്ട്. ഇവർക്ക് ധനസഹായം അനുവധിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത വ്യക്തിക്ക് ധനസഹായം അനുവദിക്കുന്നതിന് വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാമോ? | (സി) | 2019-ലെ പ്രളയത്തിൽ നാശനഷ്ടം ഉണ്ടായതുമായി ബന്ധപ്പെട്ട ധനസഹായം ലഭിക്കുന്നതിന് റവന്യൂ പോർട്ടൽ മുഖേന സമർപ്പിച്ച അപേക്ഷകളിൽ സാങ്കേതിക കാരണങ്ങളാൽ നാളിതുവരെയും ധനസഹായം ലഭിക്കാത്ത കേസുകളിൽ സാങ്കേതിക പിഴവിന് കാരണമായ ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പറിലെ പിഴവ് തിരുത്തി ലഭ്യമാക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണറോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ബാലകൃഷ്ണന്റെ പേര് ഉൾപ്പെടെയുള്ളവരുടെ പട്ടിക ലഭ്യമാക്കിയിട്ടുണ്ട്. ഇവർക്ക് ധനസഹായം അനുവധിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ